വർത്തമാനം

No. 1 IN QATAR

WEEKEND SPECIAL EDITION

2016 ജൂലായ് 28 വ്യാഴം / 1437 ശവ്വാൽ 23

ആൽപ്സിന്റെ മടിത്തട്ടിൽ

സാൽസ്ബർഗ് സിറ്റിയിലെ ഒരു തെരുവ്

ലേഖകർ WSED16 സംഘാടക സമിതി അംഗം ബ്രിജിറ്റ് ബ്രാൻസ്റ്റാറ്ററി നൊപ്പം

ഡോ. യു പി എം ആഷിഖ്, ഷാഹിന

യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളും ഒരൊറ്റ വിസയിൽ സഞ്ചരിക്കാമെന്നത് സൗകര്യമാണ്

മൊസാർട്ടിന്റെ ജന്മദേശമായ സാൽസ്

സാൽസ്

ശാഖയും നിലകൊള്ളുന്നത്

സ്ഥിതി ചെയ്യുന്ന ഹോഹൻ സാൽസ്

നിർമിക്കപ്പെട്ട ഏറ്റവും വലിയ കോട്ടകളിൽ ഒന്നാണ്

വളഞ്ഞു പുളഞ്ഞ് കിടക്കുന്ന ചെങ്കുത്തായ കയറ്റം കിതപ്പോടെ കയറിച്ചെന്ന ഞങ്ങൾക്ക് മുമ്പിൽ ഹോഹൻ സാൽസ് ബർഗ് കാസിൽ (Hohen Salzburg Castle) തുറന്നിട്ടത് നയനമനോഹരമായ സൂര്യന്റെ അസ്തമയ ശോഭയിൽ കുളിച്ച് നിൽക്കുന്ന സാൽസ്ബർഗ് പട്ടണത്തിന്റെ പരിദർശനമാണ്. ചുറ്റിലും പുരാതന പാശ്ചാത്യ നർമിതികൾ. പള്ളികളും സൗധങ്ങളും കച്ചവട സ്ഥാപനങ്ങളും മറ്റ നേകം പേരറിയാത്ത സമ്മോഹന കെട്ടിടങ്ങളും. സാൽസ്ബർഗിന്റെ മേനിയഴകിന് ആക്കം കൂട്ടി, കെട്ടിടങ്ങൾക്കും പുൽത്തകിടുകൾക്കുമിടയിലൂടെ വെള്ളിയരഞ്ഞാണം പോലെ ചാലിട്ടൊഴുകുന്ന കൊച്ചരുവികൾ. ഇലകൾ കൊഴിച്ച് വരാനിരിക്കുന്ന കോച്ചിപ്പിടിക്കുന്ന തണുപ്പിനെ പുണരാൻ തയ്യാറായി നിൽക്കുന്ന മരങ്ങൾ. പുജ്യം ഡിഗ്രി തണുപ്പിൽ ഒരു പരിധി വരെ രക്ഷ തന്നു കൊണ്ടിരിക്കുന്ന സെറ്ററിന്റെ് പോക്കറ്റിൽ ഇരു കൈകളും തിരുകിവെച്ച് മനം കുളിർക്കെ കാഴ്ചകൾ കണ്ട് നിൽക്കുന്ന ഞങ്ങൾക്ക് മുമ്പിൽ സൂര്യൻ അങ്ങകലെ ചക്രവാള സീമയിൽ ആഴ്ന്നു പോയി.

ഇപ്പോൾ മുമ്പിൽ ദീപാലങ്കാരത്തിൽ കുളിച്ച് നിൽക്കുന്ന സാൽസ്ബർഗ് നഗരമാണ്. മോഹിപ്പിക്കുന്ന അടുക്കും ചിട്ടയുമാണ് സാൽസ്ബർഗ് നഗരത്തിലെ ദീപാലങ്കാരങ്ങൾക്ക് പോലും. ഞങ്ങൾ അതങ്ങിനെ നോക്കി നിന്നു. അസ്തമയ സൂര്യന്റെ രശ്മികൾ ആൽപ്സ് പർവത നിരകളെ പൊതിഞ്ഞ് നിൽക്കുന്ന മഞ്ഞിനെ സ്വർണ്ണ നിറമണിയിച്ചിരിക്കുന്നു. സാൽസ്ബർഗ് വിമാനത്താവളത്തിൽ വന്നിറങ്ങുമ്പോൾ ഞങ്ങൾ കൊതിയോടെ നോക്കി നിന്ന മഞ്ഞിൻ തൊപ്പിയണിഞ്ഞ ആൽപ്സ് പർവ്വത നിരകൾ. സ്വർണ്ണ നിറമണിഞ്ഞ ആൽപ്സ് പർവ്വത നിരകൾക്ക് മേൽ രാത്രിയുടെ മറവീണ് തുടങ്ങി.

ദുബൈയിലും ഓസ്ട്രിയയിലും വെച്ച് സംഘടിപ്പിച്ച ശാസ്ത്ര സമ്മേളനങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള നീണ്ടയാത്രയുടെ ഭാഗമായാണ് ഞങ്ങൾ സാൽസ്ബർഗിലെത്തിയത്. ഗ്രീൻ ആന്റ് സസ്റ്റയിനബ്ൾ ടെക്നോളജി എന്ന പ്രമേയത്തിൽ 14-ാമത് അന്താരാഷ്ട്ര സമ്മേളനം ജയ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ റിസർച്ച് ആന്റ് ഡവലപ്മെന്റ് സർവീസ് ദുബായിൽ സംഘടിപ്പിക്കുന്നതറിഞ്ഞ് അതിൽ പങ്കെടുക്കുന്നതിന് വേണ്ടി അപേക്ഷയും പ്രബന്ധവും അയച്ചുകൊടുത്ത സമയത്താണ് ഞങ്ങളുടെ സുഹൃത്ത് രേണു ഗീതാ ബായ് പ്രകൃതി രമണീയമായ ഓസ്ട്രിയയിൽ വെച്ച് നടക്കാനിരിക്കുന്ന വേൾഡ് സസ്റ്റയിനബ്ൾ ഡേയ്സ് 2016 നെ കുറിച്ചുള്ള വിവരം ഞങ്ങൾക്ക് തരുന്നത്. ഒരു സമ്മേളനം കഴിഞ്ഞ തൊട്ടടുത്ത ദിവസമാണ് അടുത്തത്. ഒരൊറ്റ യാത്രയിൽ രണ്ടു പരിപാടികളിലും പങ്കെടുക്കാനും ആധുനിക മനുഷ്യ നിർമിതികളാൽ സമ്പന്നമായ ദുബൈയും മറ്റ് എമിറേറ്റ്സുകളും കാണുവാനും കൂടെ ഓസ്ട്രിയയിലെ പുരാതന യൂറോപ്യൻ ശൈലികളും പ്രകൃതി രമണീയതയും അടുത്തറിയുവാനുമുള്ള സുവർണ്ണാവസരം.

കാലാലംപൂർ അന്തർദേശീയ വിമാനത്താവളത്തിൽ നിന്നും തുടങ്ങിയ യാത്ര കൊച്ചി വഴി അബൂദാബിയിലേക്ക്. പ്രബന്ധാവതരണവും യു ഇ എയുടെ കാഴ്ചപ്പൊട്ടുകളും കഴിഞ്ഞ് വീണ്ടും അബൂദാബി അന്താരാഷ്ട്ര വിമാനത്താവളത്തിൽ. ഇത്തിഹാദ് എയർവെയ്സിൽ യൂറോപ്പിന്റെ മണ്ണിലേക്കുള്ള ആദ്യയാത്ര. ഓസ്ട്രിയയിലേക്കുള്ള യാത്രയിലെ ഇടത്താവളമായ ജർമനിയിലെ ഡുസ്സൽഡോർഫ് വിമാനത്താവളത്തിൽ അടുത്ത വിമാനവും പ്രതീക്ഷിച്ച് ഏഴ് മണിക്കൂർ കാത്തിരിപ്പ്. റൺവേയ്ക്ക് ഏറ്റവും അടുത്ത ഇരിപ്പിടത്തിൽ തന്നെ ഞങ്ങൾ ഇരിപ്പുറപ്പിച്ചു. നാട്ടിലേക്കുള്ള ഫോൺ വിളികളും രണ്ടും മൂന്നും മിനിറ്റ് ഇടവിട്ട് കൺമുന്നിലൂടെ ചിറക് വിടർത്തി പറന്നുയരുന്ന ചെറുതും വലുതുമായ വിമാനങ്ങളും പിന്നെ ഒരു മണിക്കൂർ യാത്രക്കപ്പുറം ഞങ്ങളെ കാത്തിരിക്കുന്ന ഓസ്ട്രിയയിലെ കാഴ്ചകളെ കുറിച്ചുള്ള പ്രതീക്ഷകളും സുദീർഘമായ കാത്തിരിപ്പിന്റെ മുഷിപ്പ് അറിഞ്ഞതേയില്ല. ഞങ്ങളടക്കം അമ്പതിൽ താഴെ യാത്രക്കാരുമായി ഡുസ്സൽഡോർഫിൽ നിന്നും സാൽസ്ബർഗ് ലക്ഷ്യമാക്കി ഒരു കൊച്ചുവിമാനം പറന്നുയർന്നു.

ഒരു മണിക്കൂറിനുള്ളിൽ തന്നെ ഓസ്ട്രിയയുടെ ആകാശ ദൃശ്യങ്ങൾ മേഘങ്ങളുടെ മറനീക്കി പുറത്തു വന്നു. കൈയടക്കമുള്ള ഒരു കലാകാരന്റെ കാൻവാസിൽ വിരിഞ്ഞ പ്രകൃതി രമണീയത പോലെ കണ്ണെത്താദൂരത്തോളം പരന്ന് കിടക്കുന്ന പച്ചപ്പരവതാനി വിരിച്ച നിലങ്ങൾ. ആകാശനീലിമയെ പ്രതിഫലിപ്പിച്ചെന്ന പോലെ നീലിമയണിഞ്ഞ കൊച്ചു കൊച്ചു ജലാശയങ്ങൾ. അങ്ങിങ്ങ് നമ്മുടെ കൊച്ചു കേരളത്തിലെ വിളവെടുക്കാറായി നിൽക്കുന്ന നെൽപാടങ്ങളെ ഓർമ്മപ്പെടുത്തുന്ന തവിട്ടു നിറമണിഞ്ഞ നിലങ്ങളും. സാൽസ്ബർഗ് വിമാനത്താവളത്തിന്റെ റൺവേയിലേക്ക് അടുക്കും തോറും മഞ്ഞ് വീണ് മറഞ്ഞ ആൽപ്സിന്റെ ശിഖിരങ്ങൾ കണ്ട് തുടങ്ങി. വിമാനം സാൽസ്ബർഗിന്റെ മണ്ണ് തൊട്ടു.

മഞ്ഞ് വീണുകിടക്കുന്ന നാട് ആദ്യമായി കണ്ട ആവേശത്തിൽ ആൽപ്സിനെ പാശ്ചാത്തലമാക്കി ഫോട്ടോയെടുത്തു കൊണ്ടിരുന്ന ഞങ്ങളെ ക്ഷമാപൂർവം ചെറുപുഞ്ചിരിയോടെ കാത്തുനിന്ന വിമാനത്താവള ജീവനക്കാരി, ഞങ്ങൾക്ക് ഓസ്ട്രിയയിലേക്ക് ഹൃദയപൂർവ്വം സ്വാഗതമോതിയ ശേഷം ആ കൊച്ചു വിമാനത്താവളത്തിന്റെ റൺവേയിലേക്കുള്ള വാതിലുകൾ അടച്ചു. ഒരു ജനതയുടെ സ്വഭാവമഹിമയുടെ പ്രതിഫലനമായി ആ യുവതിയുടെ ക്ഷമാപൂർവ്വമായ സ്വീകരണം.

സ്ലൊവേനിയയിൽ രസതന്ത്രത്തിൽ ഗവേഷണം നടത്തുന്ന സുഹൃത്ത് ഹരിനാരായണനും സാൽസ്ബർഗിനെ അടുത്തറിയാൻ ഞങ്ങൾക്കൊപ്പം ചേർന്നു. യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളും ഒരൊറ്റ വിസയിൽ സഞ്ചരിക്കാമെന്നത് വലിയൊരു സൗകര്യമാണ്. ഓസ്ട്രിയയുടെ ഒൻപത് സംസ്ഥാനങ്ങളിലൊന്നാണ് സാൽസ്ബർഗ്. മൊസാർട്ടിന്റെ ജന്മദേശമായ സാൽസ്ബർഗിലാണ് ചരിത്രപ്രധാനമായ ഹോഹൻ സാൽസ്ബർഗ് കാസിലും പ്രകൃതി സുന്ദരമായ ആൽപ്സിന്റെ കിഴക്കൻ ശാഖയും നിലകൊള്ളുന്നത്. ഫെസ്റ്റുൻഗ്സ്ബെർഗ് (Festungsberg) കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്ന ഹോഹൻ സാൽസ്ബർഗ് കാസിൽ മധ്യകാലത്ത് യൂറോപ്പിൽ നിർമിക്കപ്പെട്ട ഏറ്റവും വലിയ കോട്ടകളിൽ ഒന്നാണ്. 1077ൽ ആർച്ച് ബിഷപ്പ് ഗെബ്ഹാർഡ് ഫോൻ ഹെൽഫെൻസ്റ്റൈൻ (Gebhard von Helfenstein) ആണ് ഹോഹൻ സാൽസ്ബർഗ് കാസിലിന്റെ നിർമാണം തുടങ്ങിവെച്ചത്. പിന്നീട് 1500കളിൽ ഹംഗേറിയൻ യുദ്ധത്തോടനുബന്ധിച്ച് ആർച്ച് ബിഷപ്പ് ലെയോനാർഡ് ഫോൻകൊച്ചാ

ആൽപ്സ് പർവ്വതം

(Leonhard von Keutschach) യുടെ നേതൃത്വത്തിൽ കോട്ട വിപുലീകരിക്കപ്പെട്ടതായി ചരിത്രം പറയുന്നു. ഇന്ന് ഹോഹൻ സാൽസ്ബർഗ് കാസിൽ മധ്യകാല യൂറോപ്പിന്റെ പ്രൗഢിയെ ആധുനിക ലോകത്തിന് മുന്നിൽ വരച്ച് കാണിച്ച് വളരെ കരുതലോടെ സംരക്ഷിച്ച് മ്യൂസിയമായി പ്രവർത്തിക്കുന്നു. കോട്ടയുടെ മുകളിലെത്താൻ നടപ്പാതക്ക് പുറമെ കേബിൾ കാറും പ്രവർത്തിക്കുന്നുണ്ട്. കോട്ടയിൽ നിന്നും പുറത്തേക്കുള്ള വഴി സഞ്ചാരികളെ നയിക്കുന്നത് സാൽസ്ബർഗ് കത്തീഡ്രലിലേക്കാണ്. 774ൽ പ്രാരംഭനിർമാണ പ്രവർത്തികൾ തുടങ്ങി പല നിർമ്മാണ ഘട്ടങ്ങൾ പിന്നിട്ട് 1628ൽ സാന്റിയാനോ സൊളാരി (SantianoSolari) എന്ന വാസ്തുശില്പിയുടെ കരവിരുതിലാണ് ഇന്ന് കാണുന്ന രൂപത്തിൽ നിർമാണം പൂർത്തിയായത്. കത്തീഡ്രലിന്റെ കുംഭഗോപുരങ്ങളുടെ നിർമാണം അത്ഭുതാവഹമാണ്. 33 മീറ്റർ ഉയരത്തിൽ തല ഉയർത്തി നിൽക്കുന്ന ഗോപുരങ്ങളുടെ ഉൾവശം മനോഹരമായ ചിത്രപ്പണികൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. വർണ്ണ ശഭളമായ ജനൽപാളികളിലൂടെ കത്തീഡ്രലിന്റെ അകത്തെത്തുന്ന സൂര്യപ്രകാശം ഗോപുരത്തിലെ ചിത്രങ്ങളെ കൂടുതൽ മനോഹരമാക്കിയിരിക്കുന്നു.

കത്തീഡ്രലിൽ നിന്നും അൽപം നടന്നാൽ യൂറോപ്പിലെ ഏറ്റവും മികച്ച മ്യൂസിയത്തിനുള്ള അവാർഡ് നേടിയ സാൽസ്ബർഗ് മ്യൂസിയമാണ്. മ്യൂസിയത്തിന് സമീപമുള്ള റസ്റ്റോറന്റിൽ ഒരു ഹീറ്ററിന് താഴെയിരുന്ന് യൂറോപ്പിന്റെ തനത് രുചിയായ കാപ്പുച്ചിനോയും കുടിച്ച് കൊണ്ട് ഞങ്ങൾ ഒരു യൂറോപ്യൻ തെരുവിന്റെ സന്ധ്യയെ അടുത്തറിഞ്ഞു. ഒരു തെരുവു കലാകാരൻ സംഗീതത്തിനനുസരിച്ച് തന്റെ കൈവിരലുകളിൽ ബന്ധിച്ച നൂലുകൾ ശ്രദ്ധാപൂർവ്വം ചലിപ്പിച്ച് തറയിൽ നില്ക്കുന്ന അസ്ഥികൂട രൂപത്തെ മനോഹരമായി നൃത്തം ചെയ്യിക്കുന്നു. ചുറ്റും ആളുകൾ കൂടി നിന്ന് ആസ്വദിക്കുകയാണ്. നടന്നെത്താവുന്ന അകലത്തിലാണ് സാൽസ്ബർഗ് പട്ടണത്തിലെ പ്രധാന ആകർഷണ കേന്ദ്രങ്ങളെല്ലാം.

മൈനസ് അഞ്ച് ഡിഗ്രി തണുപ്പുമായുണർന്ന ആ പുത്തൻ യൂറോപ്യൻ പ്രഭാതത്തിൽ ഞങ്ങളുടെ ലക്ഷ്യം ആൽപ്സ് പർവ്വത നിരകളാണ്. സാൽസ്ബമർഗ് മെയിൻ റയിൽവേ സ്റ്റേഷന് അടുത്ത് നിന്നും ഉണ്ടേർസ് ബർഗ് ബാൻ (Untersbergbhan) കേബിൾ കാർ സ്റ്റേഷൻ ലക്ഷ്യമാക്കി ബസിൽ യാത്ര തിരിച്ചു. ആൽപ്സിന്റെ പാർശ്വദൃശ്യങ്ങൾ കണ്ണിനെ കുളിരണിയിച്ച യാത്രയിൽ ഏകദേശം 30 മിനുറ്റുകൾകൊണ്ട് തന്നെ ഞങ്ങൾ കേബിൾ കാർ സ്റ്റേഷനിൽ എത്തിച്ചേർന്നു. കൗണ്ടറിൽ നിന്നും ടിക്കറ്റെടുത്ത് 30 മിനുറ്റുകൂടുമ്പോൾ പുറപ്പെടുന്ന കേബിൾ കാറും കാത്ത് ഞങ്ങളിരുന്നു. സമുദ്രനിരപ്പിൽ നിന്നും 1776 മീറ്റർ മുകളിൽ ആൽപ്സിന്റെ നെറുകയിൽ സ്ഥിതി ചെയ്യുന്ന ടോപ്പ് സ്റ്റേഷനിലേക്കാണ് യാത്ര. ഒൻപത് മിനുട്ട് നീണ്ട കേബിൾ കാർ യാത്ര 1500 മീറ്റർ ദൂരം പിന്നിട്ട് ടോപ്പ് സ്റ്റേഷനിൽ എത്തി. ചെന്നിറങ്ങിയത് മഞ്ഞ് വീണ് ശുഭ്രമയമായ ആൽപ്സിന്റെ മുകളിൽ. ടോപ്പ് സ്റ്റേഷനിൽ ഇറങ്ങി മൗണ്ടൻ ക്ലൈബേഴ്സ് മെമ്മോറിയൽ കാണുന്നതിനായി ഞങ്ങൾ മഞ്ഞിലൂടെ നടന്നു. മഞ്ഞുപാതക്കിരുവശവും പാതി വഴിയോളം മഞ്ഞുവീണ് കിടക്കുന്ന ചെങ്കുത്തായ ഇറക്കമാണ്. ഉരുക്കു തൂണിൽ ഘടിപ്പിച്ചിരിക്കുന്ന കറുത്ത ഒരു മുഖംമൂടി രൂപത്തിലുള്ള മെമ്മോറിയൽ സമുദ്ര നിരപ്പിൽ നിന്നും 1800 മീറ്റർ മുകളിലാണ് സ്ഥാപിച്ചിരിക്കുന്നത്. സഞ്ചാരികൾ മെമ്മോറിയലിൽ ഓർമ്മപ്പൂഷ്പങ്ങൾ അർപ്പിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നും വീണ്ടും മുകളിലേക്ക് കയറിയാൽ ഒരു കുരിശ് രൂപം കാണാം. സമ്മിറ്റ് ക്രോസ് എന്നറിയപ്പെടുന്ന കുരിശടയാളം ഉണ്ടേർസ്ബർഗിലെ ആല്പ്സിന്റെ ഏറ്റവും ഉയരം കൂടിയ മേഖലയെ അടയാളപ്പെടുത്തുന്നു. ഞങ്ങൾ ഒരു മഞ്ഞ് പാവയുണ്ടാക്കി ആൽപ്സിന് മുകളിൽ സ്ഥാപിച്ച് ഞങ്ങളുടെ ഓർമകൾക്കും ഒരു രൂപം നല്കി. ഏകദേശം ഒരു മണിക്കൂറോളം അവിടെ ചെലവിട്ട ശേഷം ടോപ്സ്റ്റേഷനിൽ നിന്നും ഞങ്ങൾ താഴേക്ക് യാത്ര തിരിച്ചു.

1965ൽ അഞ്ച് ഓസ്കാർ അവാർഡുകൾ വാരിക്കൂട്ടിയ The Sound of Music എന്ന ചലച്ചിത്രത്തിന് പ്രകൃതി വർണ്ണം നല്കിയ സാൽസ്ബർഗിലെ കാഴ്ചകൾ ഇനിയുമേറെ ബാക്കിയാണെങ്കിലും സമ്മേളനം അടുത്ത ദിവസം തുടങ്ങാനിരിക്കുന്നതുകൊണ്ട് സാൽസ്ബർഗിലെ മഞ്ഞുകാഴ്ചകളോട് വിടപറയാൻ തീരുമാനിച്ചു. ഇനിയൊരിക്കൽ സാൽസ്ബർഗിന്റെ വസന്തകാലം കാണാൻ വരണമെന്ന ആഗ്രഹത്തോടെ. സുഹൃത്ത് ഹരി സ്ലൊവേനിയയിലേക്കും ഞങ്ങൾ സാൽസ്ബർഗിൽ നിന്നും 100 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന അപ്പർ ഓസ്ട്രിയയുടെ തലസ്ഥാനമായ ലിൻസിലേക്കും യാത്രയായി. ഓസ്ട്രിയയിൽ പ്രധാനപ്പെട്ട രണ്ട് ട്രയിൻ സർവീസുകളാണുള്ളത്. Westbahn ഉം ÖBBയും. ÖBBയെ അപേക്ഷിച്ച് വളരെ കുറഞ്ഞ ടിക്കറ്റ് നിരക്കാണ് Westbahnന്റെ പ്രത്യേകത. സൗജന്യ വൈഫൈ സൗകര്യവും ടിക്കറ്റ് പരിശോധകരുടെ സൗഹാർദ പൂർണമായ പെരുമാറ്റവും Westbahn ന്റെ സർവീസ് മികവുറ്റതാക്കുന്നു. Westbahnലുള്ള യാത്രക്കുള്ള ടിക്കറ്റ്, https://westbahn.at/en/ വെബ് സൈറ്റ് വഴിയും പുറമെ ട്രയിനിനകത്ത് ടിക്കറ്റ് പരിശോധകരുടെ പക്കൽ നിന്നും എടുക്കാവുന്നതാണ്. അതുകൊണ്ട് ടിക്കറ്റിന് വേണ്ടി കാത്തു നിൽക്കേണ്ട എന്ന ആശ്വാസം കൂടിയുണ്ട്. ട്രയിനിലും പിന്നെ ഒട്ടുമിക്ക സ്ഥലങ്ങളിലും സൗജന്യമായി ലഭിക്കുന്ന വൈഫൈ സൗകര്യം നാടുമായി എപ്പോഴും ബന്ധം നിലനിർത്താൻ വലിയ സഹായകമായി.

ജർമനിയുമായും ചെക്ക് റിപ്പബ്ലിക്കുമായും രാജ്യാതിർത്തി പങ്കിടുന്ന അപ്പർ ഓസ്ട്രിയ, ഓസ്ട്രിയയിലെ ഏറ്റവും വലിയ നാലാമത്തെ സംസ്ഥാനമാണ്. പുനരുത്പാദന സാധ്യമായ ഊർജ്ജസ്രോതസ്സുകളെ ഏറ്റവും കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്ന ഓസ്ട്രേലിയയിലെ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലൊന്നാണ് അപ്പർ ഓസ്ട്രിയ. 1990കളിലാണ് അപ്പർ ഓസ്ട്രിയൻ ഗവൺമെന്റ് ജൈവ ഊർജ്ജ സ്രോതസ്സുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും പുനരുത്പാദനത്തിനും വേണ്ടിയുള്ള ഗവേഷണങ്ങൾക്ക് ഊന്നൽ നല്കിയത്. ഇപ്പോൾ അപ്പർ ഓസ്ട്രിയയിലെ മൊത്തം ഊർജ്ജോപയോഗത്തിന്റെ 33 ശതമാനത്തിൽ കൂടുതൽ പുനരുത്പാദന സാധ്യമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചാണ്. ഇത് 100 ശതമാനത്തിലേക്ക് എത്തിക്കാനുള്ള വികസന പ്രവർത്തനങ്ങളും ഗവേഷണങ്ങളുമായി മുന്നോട്ട് പോവുകയാണ് അപ്പർ ഓസ്ട്രിയൻ ഗവൺമെന്റ്.

വിയന്നയിലെ ഞായറാഴ്ച നമ്മുടെ നാട്ടിലെ ഹർത്താലിനെ ഓർമ്മപ്പെടുത്തി. കടകളൊന്നും തുറന്നിട്ടില്ല. എന്നാൽ റോഡിന് നടുവിലൂടെ ട്രാമുകൾ ഇടതടവില്ലാതെ പൊയ്കൊണ്ടിരിക്കുന്നു. പാലസിലേക്ക് നടന്നെത്തിയപ്പോഴേക്കും അനേകം സഞ്ചാരികൾ അവധി ദിനമാഘോഷിക്കാൻ അവിടെ എത്തിയിട്ടുണ്ടായിരുന്നു.

ഓസ്ട്രിയൻ ചക്രവർത്തിമാരുടെ വേനൽക്കാല വസതിയായിരുന്നു ഷോൺബ്രുൺ പാലസ്. 1400ൽപരം മുറികളുള്ള അതിവിശാലമായ ഈ കൊട്ടാരം കലാപരമായും സാംസ്കാരികപരമായും ചരിത്രപരമായും ഓസ്ട്രിയയിലെ ഏറ്റവും പ്രധാനപ്പെട്ട സ്മാരകമാണ്. ആധുനികവത്കരിച്ച കൊട്ടാരത്തിനും അതിന് ചുറ്റും അതിമനോഹരമായി ഒരുക്കിയിരിക്കുന്ന ഉദ്യാനത്തിനും 400 വർഷത്തെ പ്രൗഢമായ പാരമ്പര്യം അവകാശപ്പെടാനുണ്ട്. കൊട്ടാരത്തിനകത്തെ ആഢംബര കാഴ്ചകൾ ഇന്ന് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്.

കൊട്ടാരത്തിൽ നിന്നും മടങ്ങുന്ന വഴിയിൽ ഒരു ടർക്കിഷ് റസ്റ്റോറന്റിൽ നിന്നും കബാബ് കഴിച്ച് വിശപ്പടക്കി. ഓസ്ട്രിയയിലുടനീളം അറേബ്യൻ ഭക്ഷണശാലകൾ സുലഭമാണ്. വിയന്ന സിറ്റി സെന്ററിൽ നിന്നും 30 മിനിറ്റ് ഇടവിട്ടുള്ള എയർപോർട്ടിലേക്കുള്ള ബസ് കാത്ത് ഞങ്ങളിരുന്നു. സിറ്റി സെന്ററിൽ യൂറോപ്യൻ ചോക്ലേറ്റ് സുലഭമാണ്. കുറേ ചോക്ലേറ്റ്സ് വാങ്ങി ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. വിയന്ന, ബർലിൻ, അബൂദാബി, കൊലാലംപൂർ- 17 മണിക്കൂർ യാത്ര.

(ഡോ. യു പി എം ആഷിഖ് മലേഷ്യയിലെ യൂണിവേഴ്സിറ്റി മലയയിൽ ഗവേഷകനും ഭാര്യ ഷാഹിന കേരള യൂണിവേഴ്സിറ്റി ബിരുദാനന്തര ബിരുദ വിദ്യാർഥിനിയുമാണ്.)